**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3642** **26-10-2021 - ൽ മറുപടിയ്ക്ക്**

**തൊട്ടിൽപാലം, കോഴിക്കോട് ഡിപ്പോകളിലെ ബസ് സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. തൊട്ടിൽപാലം ഡിപ്പോയിൽ നിന്നും ഇപ്പോൾ എത്ര ഷെഡ്യൂൾ ആണ് ഓപ്പറേറ്റ് ചെയ്യുന്നതെന്ന് അറിയിക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി. തൊട്ടിൽപാലം ഡിപ്പോയിൽ നിന്നും നിലവിൽ 30 ഷെഡ്യൂളുകൾ ആണ് ഓപ്പറേറ്റ് ചെയ്യുന്നത്. |
| (ബി) | കോഴിക്കോട് ഡിപ്പോയിൽ നിന്നും കുറ്റ്യാടി ഭാഗത്തേക്ക് എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കോഴിക്കോട് ഡിപ്പോയിൽ നിന്നും കുറ്റ്യാടി ഭാഗത്തേക്ക് നിലവിൽ കെ.എസ്.ആർ. ടി.സി ബസ് സർവ്വീസ് നടത്തുന്നില്ല. |
| (സി) | കോവിഡ് മഹാമാരിയുടെ സന്ദർഭത്തിൽ പ്രസ്തുത ഡിപ്പോകളിലെ എത്ര റൂട്ടുകളാണ് നിർത്തലാക്കിയതെന്ന് അറിയിക്കാമോ; | (സി) | കോവിഡ് മഹാമാരിയുടെ സന്ദർഭത്തിൽ തൊട്ടിൽപ്പാലം ഡിപ്പോയിൽ നിന്നുള്ള 14 റൂട്ടുകളും കോഴിക്കോട് ഡിപ്പോയിൽ നിന്നുള്ള രണ്ട് റൂട്ടുകളുമാണ് നിർത്തലാക്കിയിട്ടുള്ളത്. |
| (ഡി) | സ്കൂളുകളും കോളേജുകളും തുറക്കുന്ന സാഹചര്യത്തിൽ കോഴിക്കോട് -കുറ്റ്യാടി റൂട്ടിൽ യാത്രാക്ലേശം പരിഹരിക്കുന്നതിന് കൂടുതൽ ബസ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ കടുത്ത സാമ്പത്തിക സ്ഥിതിയിൽ വിദ്യാർത്ഥികൾക്കായി അധിക സർവ്വീ സുകൾ നഷ്ടം സഹിച്ച് ഓപ്പറേറ്റ് ചെയ്യുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്. എന്നാൽ സ്കൂളുകളും കോളേജുകളും തുറക്കുന്ന സാഹചര്യത്തിൽ കോഴിക്കോട് - കുറ്റ്യാടി റൂട്ടിൽ സ്കൂൾ അധികൃതർ ആവശ്യപ്പെടുന്ന മുറയ്ക്ക് സ്റ്റുഡന്റ്സ് ബോണ്ട് സർവ്വീസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ